**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3052** **18-03-2022 - ൽ മറുപടിയ്ക്ക്**

**സി.എ. സ്റ്റീഫൻ സമർപ്പിച്ച ധനസഹായ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന ബോട്ട് തകർന്നതുമായി ബന്ധപ്പെട്ട് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുതുവൈപ്പ്, ഓച്ചന്തുരുത്ത്, ചാക്യമുറി വീട്ടിൽ, സി.എ. സ്റ്റീഫൻ 26.04.2017-ന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ) | ശ്രീ. സി.എ.സ്റ്റീഫൻ, ചാക്യമുറി വീട്ടിൽ, പുതുവൈപ്പ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള IND-KL-04-MM-173 എന്ന രജിസ്ട്രേഷൻ നമ്പറിലുള്ള മേരി അമ്മ-1 എന്ന ബോട്ട് അപകടത്തിൽപെട്ടത് സംബന്ധിച്ച അപേക്ഷ 02/08/2017 ലെ B3/172/2017 നം. കത്ത് പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർക്ക് നൽകിയിരുന്നു. ടി തടിവള്ളത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് യാനം, വല, എഞ്ചിൻ എന്നിവയ്ക്ക് 66,000/- രൂപയുടെ നഷ്ടം സംഭവിച്ചതായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം ഫിഷറീസ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിലെ 172/ബി3/2017 നമ്പർ ഫയലിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ശ്രീ. സി.എ.സ്റ്റീഫൻ, ചാക്യമുറി വീട്ടിൽ, പുതുവൈപ്പ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള IND-KL-04-MM-173 എന്ന രജിസ്ട്രേഷൻ നമ്പറിലുള്ള മേരി അമ്മ-1 എന്ന ബോട്ട് അപകടത്തിൽപെട്ടത് സംബന്ധിച്ച അപേക്ഷ 02/08/2017 ലെ B3/172/2017 നം. കത്ത് പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർക്ക് നൽകിയിരുന്നു. ടി തടിവള്ളത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് യാനം, വല, എഞ്ചിൻ എന്നിവയ്ക്ക് 66,000/- രൂപയുടെ നഷ്ടം സംഭവിച്ചതായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം ഫിഷറീസ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ